LIBRARY ARCHIVES Kerala Legislative Assembly

പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതി

136 [139] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നബാർഡുമായി ചേർന്ന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) കഴക്കൂട്ടം നിയോജകമണ്ഡലത്തിലെ ഏതെങ്കിലും പ്രാഥമികാരോഗ്യ കേന്ദ്രം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അവ ഏതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) നബാർഡിന്റെ ധനസഹായത്തോടെ ഗ്രാമീണാരോഗ്യ കേന്ദ്രങ്ങളുടെ വികസനത്തിനായി (കെട്ടിട നിർമ്മാണവും ഉപകരണങ്ങൾ വാങ്ങുന്നതും) ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. അതനുസരിച്ചുള്ള പ്രോജക്ട് പ്രൊപ്പോസലുകൾ നബാർഡിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. അംഗീകാരം ലഭിച്ചിട്ടില്ല.

(സി) ഉണ്ട്.

(ഡി) കഴക്കൂട്ടം മണ്ഡലത്തിലെ താഴെ പറയുന്ന ആരോഗ്യ സ്ഥാപനങ്ങൾ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്:

1. എം. സി. എച്ച്. യൂണിറ്റ്, പാങ്ങപ്പാറ (10,25,000 രൂപ)
2. പി. എച്ച്. സി., പെരുമാതുറ (15 ലക്ഷം രൂപ)
3. പി. എച്ച്. സി., പുത്തൻതോപ്പ് (5,25,000 രൂപ)
4. പി. എച്ച്. സി., മംഗലപുരം (16,00,000 രൂപ)
5. പി.എച്ച്. സി., അണ്ടൂർകോണം (44,50,000 രൂപ)

കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളുടെ വികസനം

137 [140] ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിഴിഞ്ഞം, പൂവ്വാർ, പുല്ലുവിള എന്നീ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളുടെ വികസനത്തിന് എന്തെല്ലാം പരിപാടികളാണ് നടപ്പു സാമ്പത്തിക വർഷത്തിൽ ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

വിഴിഞ്ഞം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ പുതിയ കെട്ടിട നിർമ്മാണത്തിന് 20 ലക്ഷം രൂപയുടെ പ്രോജക്ട് നിർദ്ദേശം നബാർഡിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ നബാർഡിന്റെ അംഗീകാരം ലഭിച്ചിട്ടില്ല.

പൂവാർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ 60 കിടക്കകളുള്ള ഒരു കെട്ടിട നിർമ്മാണം ബ്ലോക്ക് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ പുരോഗമിച്ചുവരുന്നു.

പുല്ലുവിള പ്രൈമറി ഹെൽത്ത് സെന്ററിൽ പുതിയ കെട്ടിട നിർമ്മാണം അതിയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ പൂർത്തിയായിട്ടുണ്ട്.

കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, പി. എച്ച്. സി. എന്നിവയിലെ സ്റ്റാഫ് പാറ്റേൺ

138 [141] ശ്രീ. സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, പി. എച്ച്. സി. എന്നിവയിലെ സ്റ്റാഫ് പാറ്റേൺ എത്രയാണെന്നും ഏതൊക്കെ തസ്തികയാണെന്നും വിശദമാക്കുമോ;

(ബി) പ്രസ്തുത പാറ്റേൺ പ്രകാരം എത്ര ഒഴിവുകൾ നിലവിലുണ്ട് എന്നും ഒഴിവുകൾ എവിടെയെല്ലാമാണെന്നും വിശദമാക്കുമോ;

(സി) ഒഴിവുകൾ നികത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും എങ്കിൽ എന്തു നടപടി സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ സ്റ്റാഫ് പാറ്റേൺ: ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഏറ്റവും ചുരുങ്ങിയത് 30 കിടക്കകൾ നിർബന്ധമായും ഉണ്ടായിരിക്കണം. 30 കിടക്കകളുള്ള ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ താഴെ പറയുന്ന ജീവനക്കാരുടെ തസ്തികകളാണ് ഉണ്ടായിരിക്കേണ്ടത്.

1. സിവിൽ സർജൻ–1
2. അസിസ്റ്റന്റ് സർജൻ–4 (ഇവ സർജറി, ജനറൽ മെഡിസിൻ, ഗൈനക്കോളജി, പീഡിയാട്രിക്സ്, അനസ്തേഷ്യോളജി എന്നീ സ്പെഷ്യാലിറ്റികളായിരിക്കണം. കൂടാതെ അഞ്ചുപേരിൽ ഒരാൾ പബ്ലിക് ഹെൽത്ത് ആക്ടിവിറ്റിയിൽ പ്രത്യേക യോഗ്യതയോ പരിശീലനമോ നേടിയ ആളായിരിക്കണം.
3. സ്റ്റാഫ് നേഴ്സ്–5
4. നേഴ്സിംഗ് അസിസ്റ്റന്റ്–3
5. അറ്റന്റന്റ് ഗ്രേഡ്-2–2
6. അറ്റന്റന്റ് ഗ്രേഡ്-1–1

LIBRARY ARCHIVES Kerala Legislative Assembly